## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 701** **04.2.2020 -ൽ മറുപടിയ്ക്ക്**

## പയ്യന്നൂർ മണ്ഡലത്തിലെ മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| പയ്യന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിനുകീഴിൽ അനുവദിച്ച മീൻ കുഴി വാട്ടർ റിക്രിയേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ "വാട്ടർ റിക്രിയേഷൻ സെൻറർ അറ്റ് മീൻകുഴി"എന്ന പദ്ധതിയ്ക്ക് **25.03.2017** തീയതിയിലെ ജി.ഒ.(ആർ.ടി) 177/2017/ടി.എസ്.എം നമ്പർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതും ഡി.പി.ആർ തയ്യാറാക്കിയതും പ്രധാനമായും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താ യിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 03.10.2018 ന് കണ്ണൂർ ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 7 സെൻറ് സ്ഥലത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിൽ ഇറിഗേഷൻ വകുപ്പിന് തടസ്സമില്ലായെന്ന് അറിയിക്കുകയും, ടൂറിസം വകുപ്പിന് പെർമിസ്സീവ് സാങ്ഷൻ നൽകാൻ യോഗത്തിൽ ധാരണയാവുകയും ചെയ്തിരുന്നു. എന്നാൽ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ 06.10.2018 തീയതിയിലെ ജില്ലാ കളക്ടർക്ക് നൽകിയ കത്തിൽ മീൻകുഴി അണക്കെട്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികളുമായി ഡിപ്പാർട്ട്മെൻറ് മുന്നോട്ട് പോവുകയാണെന്നും, 2020 ൽ നിർമ്മാണം നടത്താൻ ഇറിഗേഷൻ വകുപ്പിന് ആവശ്യമായി വരുന്ന ഘട്ടത്തിൽ ഈ സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നീക്കം ചെയ്ത് ഇറിഗേഷൻ വകുപ്പിന് ഉപയോഗിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്നും ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഇറിഗേഷൻ വകുപ്പും ടൂറിസം വകുപ്പും കരാർ ഒപ്പിട്ട് മാത്രമെ പ്രവൃത്തി തുടങ്ങാൻ അനുവാദം നൽകാവൂ എന്നുള്ള നിബന്ധനയും രേഖപ്പെടുത്തുകയുണ്ടായി.<br>ഈ പദ്ധതിയുടെ ഭാഗമായി മീൻകുഴിയിൽ നടപ്പാക്കുന്ന പ്രവർത്തികൾ 2020 ഓടെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ പദ്ധതി പ്രവർത്തികളു മായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ